# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. – 1442** 03.12.2015- ൽ മറുപടിക്ക്

## കാസർഗോഡ് ജില്ലയിലെ റോഡുകളുടെ ശോച്യാവസ്ഥ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)** | | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി)** | |
| (എ) | കാസർഗോഡ് ജില്ലയിൽ നാഷണൽ ഹൈവേ ഉൾപ്പെടെയുള്ള പി.ഡബ്ല്യു.ഡി റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | കാസർഗോഡ് ജില്ലയിൽ പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷം എസ്.എൽ.ടി.എഫ്-ൽ ഉൾപ്പെടുത്തി 6 കോടി രൂപയുടെ ഭരണാനുമതി നിരത്ത് വിഭാഗം നൽകിയിട്ടുണ്ട്. ദേശീയപാതയിൽ ഉപരിതല കേടുപാടുകൾ സംഭവിച്ച കി.മീ. 29/000 മുതൽ 41/000 വരെയും കി.മീ. 63/000 മുതൽ 94/000 വരെയും ഉപരിതലം പുതുക്കുന്നതിനുള്ള 21.04 കോടി രൂപയുടെ പ്രവൃത്തി പുരോഗമിക്കുന്നു. സംസ്ഥാന റോഡ് വികസന പദ്ധതിയിൽ ഉൾപ്പെട്ട വിദ്യാനഗർ - മായിപ്പാടി - സീതാംഗോളി റോഡ് (9.40 കി.മീ), ഉപ്പള – കനിയന റോഡ് (15.60 കി.മീ) എന്നിവയുടെ പുനരുദ്ധാരണത്തിനായി 81 കോടി രൂപയുടെ പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. കെ.എസ്.ടി.പി മുഖേന നടപ്പിലാക്കുന്ന പുനരുദ്ധാരണ പ്രവൃത്തിയുടെ രണ്ടാംഘട്ട പദ്ധതിയിലെ പാക്കേജ് I-ലെ കാസർഗോഡ് - കാഞ്ഞങ്ങാട് റോഡി(കി.മീ. 0/000 മുതൽ 27/780 വരെ)ന്റെ 133.05 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| (ബി) | മെക്കാഡം ടാറിങ്ങ് നടത്തിയ റോഡുകളുടെ കാലദൈർഘ്യം വളരെ കുറഞ്ഞത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ബിറ്റുമിനസ് മെക്കാഡം നടത്തിയ റോഡുകളിൽ ഡിഫക്റ്റ് ലയബിലിറ്റി കാലയളവിൽ കേടുപാടുകൾ സംഭവിച്ചാൽ കരാറുകാരന്റെ ചെലവിൽത്തന്നെ കേടുപാടുകൾ തീർക്കാറുണ്ട്. കൂടാതെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനും ബിൽ തുക നൽകുന്നതിനു മുമ്പ് ഗുണനിലവാര പരിശോധനയും നിർബന്ധമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ